# പാരിസ്ഥിതികം (രണ്ടാംഘട്ടം)

## "പരിസ്ഥിതി ബോധവത്കരണവും പ്രോത്സാഹനവും"

കേരള പരിസ്ഥിതി കാലാവസ്ഥ-വ്യതിയാന വകുപ്പ് 2012 -13 കാലയളവിൽ ആരംഭിച്ച പരിസ്ഥിതി അവബോധ ക്യാമ്പയിൻ പരിപാടിയാണ് പാരിസ്ഥിതികം. എൻ.ജി.ഒകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗീകൃത സംഘടനകൾ തുടങ്ങി വിവിധ ഏജൻസികൾക്ക് ഈ പദ്ധതിയിൽ പങ്കെടുക്കാം. ഒറ്റക്കോ കൂട്ടായോ സംഘടനകൾക്ക് അവബോധ ക്യാമ്പയിൻ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

### പ്രമേയം

2017 -18 വർഷത്തിലെ പാരിസ്ഥിതികം പദ്ധതിയുടെ മുഖ്യ പ്രമേയം " **മനുഷ്യർ പ്രകൃതിയിലേക്ക്**" എന്നതാണ് . ഈ പ്രമേയത്തെ ആസ്പദമാക്കി ഓരോ സംഘടനകൾക്കും പ്രാദേശിക പ്രമേയങ്ങളും തിരഞ്ഞെടുക്കാവുന്നതാണ്.

### നിർദ്ദേശങ്ങൾ

- പാരിസ്ഥിതിക വിഷയങ്ങളിൽ തൽപരരായ മൂന്ന് വർഷത്തിലധികം പ്രവർത്തന പരിചയമുള്ള രജിസ്റ്റേർഡ് സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് പദ്ധതിയിൽ പങ്കെടുക്കാൻ അവസരമുള്ളത്.
- വ്യക്തികൾക്കോ രജിസ്റ്റർ ചെയ്യാത്ത സംഘടനകൾക്കോ മൂന്ന് വർഷത്തിലധികം പ്രവർത്തന പരിചയമില്ലാത്ത സംഘടനകൾക്കോ ഈ പദ്ധതിയിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.
- പ്രൊപ്പോസലുകൾ തിരഞ്ഞെടുക്കുന്നതും ധനസഹായം നൽകുന്നതും പരിസ്ഥിതി കാലാവസ്ഥ-വ്യതിയാന വകുപ്പിൽ നിക്ഷിപ്തമാണ് .
- ക്യാമ്പയ്നിൽ പങ്കാളികളാകുന്ന സംഘടനകൾക്കു ആശയവിനിമയങ്ങൾ ഇ -മെയിൽ സന്ദേശം വഴി കൈമാറുന്നതാണ്.
- പാരിസ്ഥിതികം 2017-18 (ആദ്യഘട്ടം) പദ്ധതിയിൽ ഫണ്ട് ലഭിച്ചവർ അപേക്ഷിക്കുവാൻ അർഹരല്ല.

<u>ഘടന</u>

- ക്യാമ്പയിൻ പരിപാടികൾ നടപ്പാക്കേണ്ടത് 2017 നവംബർ 20 മുതൽ **2018 ഫെബ്രുവരി 15** വരെയാണ്.
- എല്ലാ പരിപാടികളും **2018 ഫെബ്രുവരി 15** മുൻപ് പൂർത്തിയാക്കേണ്ടതാണ്.
- പാരിസ്ഥിതികം പദ്ധതിയിൽ അവബോധ പരിപാടികളും കർമ്മപരിപാടികളും ഉൾപ്പെടുത്തേണ്ടതാണ് .
- കർമ്മ പദ്ധതികളില്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സംഘടനകൾക്കും 20000 മുതൽ 50000 വരെ ധനസഹായം നൽകുന്നതാണ്.
- കൃത്യമായി പൂരിപ്പിച്ച നിർദ്ദിഷ്ട മാതൃകാരൂപം പരിസ്ഥിതി കാലാവസ്ഥ-വ്യതിയാന വകുപ്പിൽ **നവംബർ 09** -നു മുൻപ് എത്തിച്ചേരേണ്ടതാണ്.
- പരിപാടിയുടെ വിശദമായ റിപ്പോർട്ട് ,ഫോട്ടോ,പത്ര വാർത്ത,ഉപയോഗ -വിനിമയ സാക്ഷ്യപത്രം (KFC FORM44), വരവ് ചെലവ് കണക്ക് എന്നിവ **2018 ഫെബ്രുവരി 28** -നു മുൻപായി സമർപ്പിക്കേണ്ടതാണ്.
- ഇതിൽ വീഴ്ച്ചവരുത്തുന്ന സംഘടനകളെ പിന്നീടുള്ള പ്രവർത്തങ്ങളിൽ നിന്നും ഒഴിവാക്കുന്നതും സംഘടനയ്ക്ക് അനുവദിച്ച തുക പലിശയുൾപ്പടെ തിരിച്ചടക്കേണ്ടതുമാണ്.

<u>**പൂരിപ്പിച്ച അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ട രേഖകൾ**</u>

- ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
- മെമ്മോറാണ്ടം ഓഫ് അസോസിയേഷന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ്.
- മൂന്ന് വർഷത്തെ അക്കൗണ്ട് ഓഡിറ്റിന്റെ അറ്റസ്റ്റ് ചെയ്ത പകർപ്പ്.

# മാതൃകാരൂപം

പ്രോജക്ടിന്റെ  പേര് :

1. സംഘടനയുടെ വിവരങ്ങൾ :

    പേരും മേൽവിലാസവും:

    സംഘടനയുടെ സ്വഭാവം:

    രജിസ്ട്രേഷൻ വിവരങ്ങൾ:

2. ബന്ധപ്പെട്ട വ്യക്തിയുടെ വിവരങ്ങൾ:

    പേര്:

    മേൽവിലാസം :

    ഫോൺ നം: (1)

    (2)

4. സഹകരിക്കുന്ന മറ്റു ഏജൻസികൾ:

5. പ്രോജക്ടിന്റെ  വിവരങ്ങൾ :

- അവബോധ പ്രവർത്തനങ്ങൾ:
- കർമ്മ പദ്ധതികൾ:
- പ്രമേയം :
- ലക്ഷ്യമിടുന്ന വിഭാഗം:
- പ്രൊജക്റ്റ് നടപ്പാക്കുന്ന സ്ഥലം:
- സമയ പരിധി:
- പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ:
- കർമ്മഫലം:

6. പരിസ്ഥിതികം പദ്ധതിയിൽ മുൻപ് പങ്കാളികളായിട്ടുണ്ടോ?

ഉണ്ടെങ്കിൽ വിവരങ്ങൾ:

7. ബജറ്റ്:

അവബോധ പ്രവർത്തനം :

കർമ്മ പദ്ധതി :

8. സംഘടനയുടെ ബാങ്ക് വിവരങ്ങൾ:

ഐ.എഫ് .എസ് കോഡ് :

അക്കൗണ്ട് നം:

ബ്രാഞ്ച് :

9. സാമ്പത്തിക സഹായം :

അക്കത്തിൽ:

അക്ഷരത്തിൽ:

തീയതി:

ഒപ്പ്:

പേര്:

മേൽവിലാസം:

സംഘടനയുടെ സീൽ